പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1984 16.02.2016-ലെ മറുപടിക്ക്

ജയിലുകളുടെ നവീകരണം

ചോദ്യം

ശ്രീ.എം.ചന്ദ്രൻ

മറുപടി

ശ്രീ.രമേശ് ചെന്നിത്തല

(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) ജയിലുകൾ നവീകരിക്കുന്നതിന് നിർദ്ദേശം സമർപ്പിക്കുവാനായി കമ്മീഷനെ നിയമിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | എ) ഇപ്പോൾ പരിഗണനയിലില്ല. |
| ബി) പല ജയിലുകളിലും വിചാരണ തടവുകാരുടെയും ശിക്ഷാ തടവുകാരുടെയും എണ്ണം ക്രമാതീതമായി വർദ്ധിച്ചതായി കരുതുന്നുണ്ടോ; | ബി) സംസ്ഥാനത്തെ ജയിലുകളിൽ 6217 തടവുകാരെ പാർപ്പിക്കുവാനുള്ള ശേഷിയാണ് ഉള്ളത്. എന്നാൽ ഏകദേശം 7000-ത്തിലധികം തടവുകാരെ പാർപ്പിച്ചിട്ടുണ്ട്. ഇതിന് പരിഹാരമായി 500 തടവുകാരെ പാർപ്പിക്കുവാൻ സൗകര്യമുള്ള അതിസുരക്ഷാ ജയിൽ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ തവനൂർ സെൻട്രൽ ജയിൽ, മുട്ടം, മലമ്പുഴ എന്നീ ജില്ലാ ജയിലുകളുടെയും നിർമ്മാണം പുരോഗമിച്ചുവരുന്നു. ഇവയുടെ നിർമ്മാണം കൂടി പൂർത്തിയാകുമ്പോൾ തടവുകാരെ പാർപ്പിക്കുന്നതിന് ആവശ്യമുള്ളത്ര സൗകര്യങ്ങൾ ലഭ്യമാകുന്നതാണ്. |
| സി) പലയിടത്തും അടിസ്ഥാന സൗകര്യങ്ങൾപോലും ലഭ്യമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) 13-ാം ധനകാര്യ കമ്മീഷൻ അവാർഡ്, വാർഷിക പദ്ധതികൾ എന്നിവ പ്രകാരം ലഭിച്ച തുകകൾ വിനിയോഗിച്ചുകൊണ്ട് കേരളത്തിലെ ജയിലുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ഡി) ജയിലുകളിലെ ജീവനക്കാരുടെ കുറവ് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | ഡി) പുതിയതായി ആരംഭിച്ചിട്ടുള്ള ജയിലുകളിൽ പുതിയ തസ്തികകൾ സൃഷ്ടിച്ച് ജീവനക്കാരെ നിയമിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ നിലവിലുള്ള വാർഡർ ജീവനക്കാരെ പുനഃക്രമീകരിക്കുവാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ